കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

[www.ksad.kerala.gov.in](http://www.ksad.kerala.gov.in)

# വല്ലച്ചിറ ഗ്രാമപഞ്ചായത്ത്

# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.2)64/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഇമെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487 2331249
തീയതി: 26.03.19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വല്ലച്ചിറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :വല്ലച്ചിറ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3(5) ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.2)64/19 തീയതി:26/03/19

## തൃശ്ശൂർ ജില്ലയിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)**, **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13**, **1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.17മുതൽ 29.09.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് 2017-18 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ കെ. ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.11.2018 മുതൽ 30.11.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | റഫി ജോൺ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | വിജയശ്രീ.പി. | ഓഡിറ്റ് ഓഫീസർ |
| | ചൈതന്യ പുരുഷോത്തമൻ | അസി. ഓഡിറ്റ് ഓഫീസർ |
| | ധന്യ.എ.സുരേന്ദ്രൻ | ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | സോഫി ഫ്രാൻസിസ് | 01/04/2017-31/03/2018 |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | തിലകൻ.എം.വി. | 01/04/2017-31/03/2018 |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ടി.കെ.രാമചന്ദ്രൻ | 01/04/2017-31/03/2018 |
| വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | രമ പ്രകാശൻ | 01/04/2017-31/03/2018 |
| ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ഡെല്ലി ആന്റണി | 01/04/2017-31/03/2018 |

## നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം

| ഉദ്യോഗപേര് | പേര് | കാലയളവ് | നിലവിലെ ഔദ്യോഗിക മേൽവിലാസം |
|---|---|---|---|
| സെക്രട്ടറി | പി.ഉമ ഉണ്ണികൃഷ്ണൻ | 01/04/2017 – 31/03/2018 | സെക്രട്ടറി, വല്ലച്ചിറ ഗ്രാമ പഞ്ചായത്ത് |
| കൃഷി ഓഫീസർ | സൂസമ്മ ജോർജ്ജ് | 01/04/2017 – 27.10.2017 | കൃഷി ഓഫീസർ, കൃഷി ഭവൻ പുതുക്കാട് |
| | ഷിത.സി.ആർ. | 28.10.2017-31.03.2018 | എ.ഡി.എ., വളാഞ്ചേരി ബ്ളോക്ക് പഞ്ചായത്ത് |
| അസി.എഞ്ചിനീയർ | ജിൻസി | 01/04/2017-14.03.2018 | അസി.എഞ്ചിനിയർ, അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് |
| | സന്ധ്യ.പി.വി. | 14.03.2018 (A.N)-31.03.2018 | അസി.എഞ്ചിനിയർ.അലനല്ലൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ദീപ.പി.ഡി. | 01.04.2017-31.03.2018 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.), വല്ലച്ചിറ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം ) | ഡോ. സുഹാസ് നാരായണൻ | 01.04.2017-31.03.2018 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം), പാണഞ്ചേരി ഗ്രാമപഞ്ചായത്ത് |
| വെറ്ററിനറി സർജൻ | ഡോ.ജെറി തോമസ് | 01.04.2017-31.03.2018 | വെറ്ററിനറി സർജൻ , വെറ്ററിനറി ഡിസ്പെൻസറി, വല്ലച്ചിറ |
| പ്രധാന അദ്ധ്യാപിക | ജെസ്സി.വി.എ. | 01.04.2017-31.03.2018 | എച്ച്.എം., ജി.യു.പി.എസ്. വല്ലച്ചിറ |
| വി.ഇ.ഒ. (ആറാട്ടുപുഴ സർക്കിൾ) | രഞ്ചിത്ത്.കെ.ആർ. | 01.04.2017-31.03.2018 | വി.ഇ.ഒ., ആറാട്ടുപുഴ. |

| | | | |
|---|---|---|---|
| വി.ഇ.ഒ. (വല്ലച്ചിറ സർക്കിൾ) | ശരത്ത് മോഹൻ | 01.04.2017-31.03.2018 | വി.ഇ.ഒ., വല്ലച്ചിറ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീലത | 01.04.2017-06.10.2017 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മതിലകം ഗ്രാമപഞ്ചായത്ത് |
| | രതി.കെ. | 07.10.2017-20.12.2017 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വല്ലച്ചിറ ഗ്രാമപഞ്ചായത്ത് |
| | റോസ് മോൾ | 20.12.2017-31.03.2018 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ,ചേർപ്പ് ഗ്രാമപഞ്ചായത്ത് |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | രാമചന്ദ്രൻ പി ബി | 01.04.2017-31.03.2018 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്. |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം I | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകൾ പരിശോധിച്ചതിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ചട്ടപ്രകാരമുള്ള ലൈസൻസില്ലാതെ ലൈവ്സ്റ്റോക്ക് ഫാമുകൾപ്രവർത്തിക്കുന്നു. | 2-1 |
| 14 | ലൈസൻസില്ലാതെ വളർത്തുനായകളെ കൈവശം വച്ചിരിക്കുന്നു | 2-2 |
| 15 | രജിസ്ട്രേഷനില്ലാതെ പാരാമെഡിക്കൽ സ്ഥാപനം പ്രവർത്തിക്കുന്നു | 2-3 |
| 16 | തൊഴിൽ നികുതി കൃത്യമായി ഡിമാന്റു ചെയ്തിട്ടില്ല | 2-4 |
| 17 | ഡി ആന്റ് ഓ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-5 |
| | ഭാഗം 3 | |

| | | |
|---|---|---|
| 18 | പദ്ധതികളുടെ ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും കുറവ് - പരിഹരിക്കാനുള്ള നടപടികളെടുക്കേണ്ടതാണ് | 3-1 |
| 19 | ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ തുടർ സാക്ഷരതാ തുല്യതാ പരീക്ഷ പദ്ധതി-കൈപ്പറ്റ് രസീതി ഹാജരാക്കിയില്ല | 3-2 |
| 20 | പദ്ധതികളുടെ പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതാണ് | 3-3 |
| 21 | ഇ.എം.ഡി. മുതൽക്കൂട്ടേണ്ടതാണ് | 3-4 |
| 22 | ആറാട്ടുപുഴ ലക്ഷം വീട് കോളനി ഹോട്ട് ലൈൻ -വാട്ടർ അതോറിറ്റിയിൽ തുക അടവാക്കൽ | 3-5 |
| 23 | തെരുവുവിളക്കുകളുടെ പരിപാലനം-അപാകതകൾ | 3-6 |
| 24 | വീട് മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ- ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല- തുടർ നടപടികൾ അറിയിക്കേണ്ടതാണ് | 3-7 |
| 25 | വി.ഇ.ഒ. ഓഫീസിലേക്ക് പ്രിന്റർ വാങ്ങിയത്- | 3-8 |

| | | |
|---|---|---|
| | കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല | |
| 26 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ | 3-9 |
| 27 | പി.എച്ച്.സി. ഫാർമസിയിലേക്ക് എയർ കണ്ടീഷണർ വാങ്ങൽ-7490 രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-10 |
| 28 | ടെണ്ടർ ഫോറങ്ങളുടെ വിതരണവും സൂക്ഷിപ്പും - രജിസ്റ്റർ കുറ്റമറ്റരീതിയിൽ സൂക്ഷിക്കുന്നില്ല | 3-11 |
| 29 | ടെണ്ടർ നോട്ടീസ് ദിനപത്രത്തിൽ പരസ്യം ചെയ്യുന്നത് - ചട്ടങ്ങളിലെ നിഷ്ക്കർഷിക്കുന്ന സമയം നൽകുന്നില്ല | 3-12 |
| | ഭാഗം 4 | |
| 30 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 33 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 34 | സ്ഥിര നിക്ഷേപം | 4-5 |

| | | |
|---|---|---|
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 37 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 40 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 41 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

28.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 20.02.2018 തീയതിയിലെ 5ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 30,68,936.35 |
| വരവ് | 9,33,08,506.00 |
| ആകെ | 9,63,77,442.35 |
| ചെലവ് | 9,51,92,545.00 |
| നീക്കിയിരിപ്പ് | 11,84,897.35 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | സ്വീകരിച്ച തീയതി |
|---|---|---|---|
| 31-07-2018 | 28.05.2018 | ----- | --- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 18.06.2018,19.06.2018 | കെ.എസ്.എ.ടി.എസ്.ആർ.(ഇ)3-1150/18 (78) |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17478000 |
| വരവ് | 44972272 |
| ആകെ | 62450272 |
| ചെലവ് | 51178930 |
| നീക്കിയിരിപ്പ് | 11271342 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10054000 | 10054000 | 6965425 | 3088575 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 6630948 | 6630948 | 3988368 | 2642580 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 6112000 | 6112000 | 6066822 | 45178 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 2689000 | 2689000 | 2687408 | 1592 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ACR പ്രകാരം) | | 4721912 | 4721912 | 4720215 | 1697 |
| കെ.എൽ.എസ്.ജി.ഡി.പി. (ACR പ്രകാരം) (കേന്ദ്രവിഹിതം) | | 1395113 | 1395113 | 1382331 | 12782 |
| സാക്ഷരത | 492307 | 68624 | 73547.07 | 68849 (പലിശ ഉൾപ്പടെ) | 4698.07 |
| എം.എൻ.ആർ.ഇ.ജി.എസ്. കൂലി | 0 | 10421044 | 10421044 | 10421044 | |

| | | | | | | |
|---|---|---|---|---|---|---|
| | മെറ്റീരിയൽ ചെലവ് | 0 | 1049304 | 1049304 | 1049304 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 982871 | 982871 | 977580 | 5291 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ഐ.സി.ഡി.എസ് | 139468 | 278238 | 417706 | 128051 | 289655 |
| | ടി.എസ്.സി | 846000 | 25000 | | 817150 | 53850 |
| | നിർമ്മൽ പുരസ്കാരം | 110185 | | | | 110185 |
| | സെന്ട്രൽ ഗ്രാന്റ് | | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | വിമുക്തി | 25000 | 12500 | 37500 | 26183 | 11317 |
| | ശുചിത്വമിഷൻ | | | | | |
| ജോയന്റ് വെഞ്ചർ അക്കൗണ്ട് | ബ്ളോക്ക് പഞ്ചായത്ത് | 0 | 1202500 | 1202500 | 936750 | 265750 |
| | ജില്ലാ പഞ്ചായത്ത് | 0 | 1086304 | 1086304 | 763117 | 323187 |
| ബി ഫണ്ട് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | | | | | |
| | ട്രഷറി അക്കൗണ്ട് | | | | | |
| മറ്റിനം | ഗുണഭോക്തൃവിഹിതം | 128231 | 307800 | 436091 | 238125 | 197906 |

# 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 158 | 49292802 | 105 | 29671779 | 40 | 13 | 60.19 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | ഇല്ല | 982871 | 982871 | 977580 | 5291 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 10421044 | 10421044 | 10421044 | - |
| മെറ്റീരിയൽ | - | 1049304 | 1049304 | 1049304 | - |
| ആകെ | - | 12453219 | 12453219 | 12447928 | 5291 |

# 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22320 | 46 |
| കർഷക തൊഴിലാളി പെൻഷൻ | 3856000 | 326 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 12044100 | 1005 |
| വാർദ്ധ്യകകാല പെൻഷൻ | 17297200 | 1294 |
| വികലാംഗ പെൻഷൻ | 2361300 | 194 |
| അവിവാഹിത പെൻഷൻ | 1631300 | 133 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 420000 | 14 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2018-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 36045/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ ഫ്രണ്ട് ഓഫീസ് ഡയറിയുടെ പ്രതിദിന പരിശോധന കൃത്യമായി നടത്തേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|

| | നടത്തിയ തിയ്യതി | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.11.2018 | ഒക്ടോബർ 2018 | ഇല്ല |
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 22.07.2004-04.08.2004 | 1997-98 മുതൽ 2003-04 വരെ | 12.10.2004 |

## 1-12 വാർഷിക കണക്കുകൾ പരിശോധിച്ചതിലെ അപാകതകൾ

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 ൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 ലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കാനായില്ല.

2. വസ്തുനികുതി കണക്കുകൾ സാംഖ്യ, സഞ്ചയ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. തൻവർഷ, കുടിശ്ശിക വരവ് രേഖപ്പെടുത്തിയതിലെ അന്തരം താഴെ ചേർക്കുന്നു.

| | Current | | Arrear | |
|---|---|---|---|---|
| | സാംഖ്യ | സഞ്ചയ | സാംഖ്യ | സഞ്ചയ |
| Residential | 1844598 | 1772469 | 822554 | 788430 |
| Non-Residential | 693821 | 753266 | 210072 | 239152 |

3. RP 40(b) പ്രകാരം ട്രഷറി തനത് ഫണ്ട് അക്കൗണ്ടിൽ 13,936/- രൂപ നീക്കിയിരിപ്പ് കാണുന്നു. ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 (a) യിൽ Capital Work in Progress എന്ന ശീർഷകത്തിൽ 11,26,452/- രൂപ കാണുന്നുണ്ട്. എന്നാൽ ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനായി വർക്ക്ഷീറ്റ് ഹാജരാക്കിയിട്ടില്ല.

5. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ "Net2 decrease in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (62,06,658/- ) രൂപയാണ്. എന്നാൽ "Net cash generated by operating + Investing + Financing activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (70,39,779/-) രൂപയാണ്. അംഗീകരിക്കപ്പെട്ട

അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണ്. പഞ്ചായത്ത് സമർപ്പിച്ച പത്രികയിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

6. ബാലൻസ് ഷീറ്റ് B-12 പ്രകാരം 9300/- കോ- ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂഷൻ ഇൻവെസ്റ്റ്മെന്റായി കാണുന്നു. ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ചട്ടപ്രകാരമുള്ള ലൈസൻസില്ലാതെ ലൈവ്സ്റ്റോക്ക് ഫാമുകൾപ്രവർത്തിക്കുന്നു.

വെറ്ററിനറിസർജൻ 19.12.2018-ന് ലഭ്യമാക്കിയ പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിൽ അഞ്ചിൽ കൂടുതൽ കറവ പശുക്കളെ വളർത്തുന്നവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | അയ്യപ്പൻ വെളിയത്ത് |
| 2 | ബീന തെക്കൂട്ട് |
| 3 | മൻദീപക് വടക്കേടത്ത് |
| 4 | അനിൽ പൊലിയേടത്ത് പറമ്പിൽ |
| 5 | ചന്ദ്രൻ പൊലിയേടത്ത് പറമ്പിൽ |
| 6 | ശിവൻ ഹരിശ്രീ |
| 7 | ഉണ്ണി കടവിൽ |
| 8 | ശോഭന കറുത്തേടത്ത് |

| | |
|---|---|
| 9 | പ്രദീപ് ചെമ്പാറ |
| 10 | സുജിത ചെമ്പാറ |
| 11 | കൃഷ്ണൻകുട്ടി തെക്കൂട്ട് |
| 12 | ഗോപി തെക്കൂട്ട് പാറക്കൽ |
| 13 | കുട്ടൻ പൂവത്തിങ്കൽ |
| 14 | ജെയ്സൺ മാങ്ങൻ |
| 15 | വിശാലലക്ഷ്മി മോങ്കാടി |
| 16 | സരോജിനി ആറ്റുപുറത്ത് |
| 17 | ശിവശങ്കരൻ കിഴക്കൂട്ട് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.13/19.12.2018) ചട്ടപ്രകാരമുള്ള ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ലൈവ് സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതും നടത്തുന്നതും അസഹ്യതയുളവാക്കുന്ന പ്രവൃത്തി ആയതിനാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് ഉപചട്ടം 2 പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് ആവശ്യമാണ്. അഞ്ചിൽ കൂടുതൽ കന്നുകാലികളെ വളർത്തുന്ന ഓരോ ലൈവ് സ്റ്റോക്ക് ഫാമും 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കേണ്ടതാകുന്നു. എന്നാൽ മേൽ പറഞ്ഞ വ്യക്തികളുടെ പേരിൽ പ്രവർത്തിക്കുന്ന കന്നുകാലി ഫാമുകൾ അനധികൃതമാണ്. ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ലൈസൻസില്ലാതെ വളർത്തുനായകളെ കൈവശം വച്ചിരിക്കുന്നു

1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഏതൊരാൾക്കും പന്നികളേയോ പട്ടികളേയോ വളർത്തുന്നതിനും കൈവശം വയ്ക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 582 നായകളെ വളർത്തുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം 40 വളർത്തു നായകൾക്ക് മാത്രമാണ് ലൈസൻസ്

നൽകിയിട്ടുള്ളത്. ആയിനത്തിൽ 455 രൂപ മാത്രമാണ് വരവ് വന്നിട്ടുള്ളത്. ലൈസൻസ് കൂടാതെ നായ/ പന്നി എന്നിവയെ വളർത്തുന്നതിന് ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 രജിസ്ട്രേഷനില്ലാതെ പാരാമെഡിക്കൽ സ്ഥാപനം പ്രവർത്തിക്കുന്നു.

ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർപ്രകാരം ലൈസൻസ് പുതുക്കി നൽകിയിട്ടുള്ള ശ്രീമതി.മാഗി ഈനാശു എന്നവരുടെ പേരിൽ പ്രവർത്തിക്കുന്ന മെഡിക്കൽ ലബോറട്ടറിക്ക് 1997 ലെ കേരള പഞ്ചായത്ത് രാജ് സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യാത്തതാകുന്നു. രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.12/19.12.2018) ടി സ്ഥാപനം 12 വർഷത്തോളമായി ലൈസൻസ് പുതുക്കി വരുന്നതാണെന്നും ഈ വരുന്ന വർഷം മുതൽ ചട്ട പ്രകാരമുള്ള ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

1997 ലെ കേരള പഞ്ചായത്ത് രാജ് സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ടങ്ങൾ, ചട്ടം 8 പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി കൃത്യമായി ഡിമാന്റു ചെയ്യിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ആകെ കൂടി 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവേ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

2017-18 വർഷത്തെ ലൈസൻസിനായി സ്ഥാപനങ്ങൾ പഞ്ചായത്തിൽ സമർപ്പിച്ച ഡി ആന്റ് ഒ അപേക്ഷകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

ഡിആന്റ്ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൻ പ്രകാരം ചില സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | കീർത്തി ടൈൽസ് | 30 |
| 2 | സൂപ്പർ ടൈൽസ് | 16 |

| | | |
|---|---|---|
| 3 | ഗോൾഡൻ ടൈൽസ് | 20 |
| 4 | ശോഭ ടൈൽസ് | 16 |
| 5 | ബെസ്റ്റ് ബോഡിവർക്ക്സ് | 7 |
| 6 | എം.ജെ ഇൻഡസ്ട്രീസ് | 15 |
| 7 | ബെസ്റ്റ് ഓട്ടോസ്റ്റേഷൻ | 7 |
| 8 | ബി.ജി അസഫോറ്റിഡ | 8 |
| 9 | ദീപം ഗോൾഡ് വർക്ക്സ് | 8 |
| 10 | ബിജു ടൈൽസ് | 9 |
| 11 | ശ്രീശാസ്ത സിറാമിക്സ് | 15 |
| 12 | മോഹൻ ഗോൾഡ് വർക്ക്സ് | 5 |

ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി (2500 രൂപ) മാത്രമാണ് ഈടാക്കിയിട്ടുള്ളതെന്നാണ് എൻക്വയറിക്ക് (എൻകയറി നം.24/24.12.2018) മറുപടി നൽകിയിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 14 പ്രകാരം ഈ സ്ഥാപന തൊഴിലുടമയോടോ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കാൻ ആവശ്യപ്പെടുകയോ കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 16 പ്രകാരം നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ചട്ടപ്രകാരം നടപടി സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 ഡി ആന്റ് ഓ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ശ്രീ.ശ്രീകുമാർ, s/oശ്രീധരൻ ആറാട്ടുപുഴ എന്നവരുടെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിന്മേൽ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർക്ക് (പഞ്ചായത്ത് വകുപ്പ് ജില്ലാ അപ്പലേറ്റ് അതോറിറ്റി) വല്ലച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഹാജരാക്കിയ സാക്ഷ്യപത്രത്തിന്റെ പകർപ്പ് പരിശോധിച്ചതിൽ നിന്നും ശ്രീശാസ്ത റസ്റ്റോറന്റ്, ശ്രീ.ശ്രീകുമാർ എന്നവരുടെ കൊത്തുപണിശാല, ബ്രൈറ്റ് മോട്ടോഴ്സ് എന്നീ സ്ഥാപനങ്ങൾ യഥാക്രമം 9/387, 9/387ബി, 9/387സി കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്നതായി വ്യക്തമാകുന്നു. കൂടാതെ വിവരാവകാശം അപേക്ഷയിന്മേൽ പഞ്ചായത്ത് സ്ഥല പരിശോധന നടത്തിയതു പ്രകാരം 9/387 നമ്പർ(ശ്രീശാസ്ത റസ്റ്റോറന്റ്) കെട്ടിടത്തിന്റെ കിഴക്കുഭാഗത്തു പ്രവർത്തിക്കുന്ന വിനോദ് ഓട്ടോ ഗാരേജ് എന്നപേരിൽ പ്രവർത്തിക്കുന്ന

ഓട്ടോമൊബൈൽ വർക്ക് ഷോപ്പിന് പഞ്ചായത്ത് അസസ്മെന്റ് നമ്പർ ഇല്ലാത്തതാണെന്നും ആയതിനാൽ ഡിആന്റ്ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതാണെന്നും റിപ്പോർട്ടു ചെയ്യിട്ടുണ്ട്.ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം 22/21.12.2018) വിനോദ് ഓട്ടോ ഗാരേജ് എന്നപേരിൽ 9/387 എ നമ്പറിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിനു 14/07/2017 ന് കത്തു നൽകിയിട്ടുണ്ടെന്നു മറുപടി നൽകിയിട്ടുണ്ട്. ടി കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയം നടത്തി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതികളുടെ ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും കുറവ് - പരിഹരിക്കാനുള്ള നടപടികളെടുക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങളാണ് സ്റ്റാന്റിങ് കമ്മിറ്റികളിൽ ഭരമേൽപ്പിച്ചിരിക്കുന്നത്. ചുമതലയുള്ള ഘടകസ്ഥാപനങ്ങളിലെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ജനോപകാരപ്രദമായി അവ പ്രവർത്തിപ്പിക്കുന്നതിനും സ്റ്റാന്റിങ് കമ്മിറ്റികളുടെ ഫലപ്രദമായ ഇടപെടൽ അനിവാര്യമാണ്.

2017-18 സാമ്പത്തിക വർഷത്തിൽ വിവിധ സ്റ്റാന്റിങ് കമ്മിറ്റികളുടെ ചുമതലയിൽ വരുന്ന വിവിധ വിഷയമേഖലകളിലെ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ ഒരു നേർ ചിത്രം താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | % | ആസൂത്രണം ചെയ്ത | നടപ്പാക്കിയ പദ്ധതികളുടെ ചെലവുതുക | % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | പദ്ധതികളുടെ എണ്ണം | | | പദ്ധതികളുടെ ചെലവുതുക | | |
| ICDS സൂപ്പർവൈസർ | 15 | 11 | 73 | 51,13,013 | 40,73,530 | 80 |
| സെക്രട്ടറി | 22 | 20 | 91 | 40,19,312 | 28,98,478 | 72 |
| മെഡിക്കൽ ഓഫീസർ (PHC) | 6 | 6 | 100 | 7,75,890 | 6,51,331 | 84 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 4 | 4 | 100 | 9,65,000 | 9,30,975 | 96 |
| കൃഷി ഓഫീസർ | 8 | 6 | 75 | 39,58,590 | 13,90,484 | 35 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 50 | 11,50,000 | 6,56,734 | 57 |
| അസി. എഞ്ചിനിയർ | 62 | 43 | 69 | 1,95,89,147 | 1,26,88,489 | 65 |
| മൃഗസംരക്ഷണ ഓഫീസർ | 5 | 5 | 100 | 12,23,766 | 11,99,766 | 98 |
| വി.ഇ.ഒ. | 28 | 23 | 82 | 1,09,04,078 | 36,08,736 | 33 |
| എച്ച്.എം. | 6 | 6 | 100 | 15,94,006 | 15,73,256 | 99 |
| ആകെ | 158 | 125 | 79 | 4,92,92,802 | 2,96,71,779 | 60 |

മേൽ കൊടുത്ത പട്ടിക ഒരു സൂചകമായി എടുക്കുകയാണെങ്കിൽ വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ പദ്ധതികളുടെ ആസൂത്രണം മുതൽ നിർവ്വഹണം വരെയുള്ള വിവിധസ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമാണെങ്കിലും പ്രായോഗികമായ പദ്ധതികൾ ആസൂത്രണം ചെയ്യുകയും അത് നിർവ്വഹണതലത്തിൽ എത്തിക്കുന്നതിനുമാവശ്യമായ ജാഗ്രതയുടെ അഭാവം മേൽ പട്ടികയിൽനിന്നും സ്പഷ്ടമാണ്. ഉദാഹരണത്തിന് കൃഷി ഓഫീസർ, വി.ഇ.ഒ. എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി ആസൂത്രണം ചെയ്ത പദ്ധതികളിൽ നടപ്പാക്കിയ പദ്ധതികളുടെ എണ്ണവും ചെലവഴിച്ച തുകയും മറ്റ് നിർവ്വഹണോദ്യോഗസ്ഥരുടേതിൽനിന്നും തുലോം കുറവാണ്. പ്രത്യേകിച്ച് ഉൽപാദനമേഖലയിലെ ചെലവഴിക്കലിലുണ്ടാകുന്ന കുറവ് വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കുന്നതിനും പരിമിതമായ വിഭവങ്ങൾ പാഴായി പോകാതിരിക്കുന്നതിനുമുള്ള നടപടികൾ സ്റ്റാന്റിങ്ങ്കമ്മിറ്റി തലത്തിൽ എടുക്കേണ്ടതാണ്.

## 3-2 ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ തുടർ സാക്ഷരതാ തുല്യതാ പരീക്ഷ പദ്ധതി-കൈപ്പറ്റ് രസീതി ഹാജരാക്കിയില്ല

ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ്. വല്ലച്ചിറ നടപ്പിലാക്കിയ തുടർ സാക്ഷരതാ തുല്യതാ പരീക്ഷ പദ്ധതിക്ക് (പദ്ധതി നം.135/18) സാക്ഷരതാ മിഷന് കൈമാറിയ 58400/- രൂപയുടെ കൈപ്പറ്റ് രസീതി ഹാജരാക്കിയില്ല. (എൻക്വയറി നം.22/21.12.2018) തുക തടസ്സപ്പെടുത്തുന്നു.

## 3-3 പദ്ധതികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

a)ഡെപ്പോസിറ്റ് വർക്കുകളുടെ പൂർത്തീകരണം

താഴെ പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾക്കായി കെ.എസ്.ഇ.ബി.ക്ക് തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്റ്റിന്റെ പേര് | ചെലവിന്റെ വിവരം | | | |
|---|---|---|---|---|---|
| | | ട്രഷറി ബിൽ നമ്പർ/ തിയതി | തുക | നിർവ്വഹണ ഏജൻസി | കരാറിന്റെ വിശദാംശങ്ങൾ |
| 1 | SC കോളനിയിൽ തെരുവു വിളക്ക് LED ആക്കുന്നതിന് തുക കൈമാറൽ, 38/18 | 13/17-18/ 31.8.17 | 143990 | KSEB കരുവന്നൂർ | കരാർ നമ്പർ ഇല്ല/ തിയതി 6.10.17, കരാറിൽ പ്രവൃത്തി എന്നു തുടങ്ങി എന്ന് അവസാനിക്കും തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല |
| 2 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, 37/18 | 31/17-18/ 29.1.18 | 30602 | KSEB ഒല്ലൂർ,ചേർപ്പ് | കരാറിൽ നമ്പർ, തിയ്യതി മറ്റ് വിശദാംശങ്ങളില്ല. |

| | | | | |
|---|---|---|---|---|
| | 40/17-18/22.2.18 | 130201 | KSEB കരുവന്നൂർ ചേർപ്പ് | കരാറിൽ നമ്പർ, തിയതി മറ്റ് വിശദാംശങ്ങളില്ല. |

ഡെപ്പോസിറ്റ് വർക്കുകളുടെ തുക നിർവ്വഹണഏജൻസികൾക്ക് കൈമാറുമ്പോൾ കൃത്യമായി തിയതികളും നിബന്ധനകളും രേഖപ്പെടുത്തി കരാർ തയ്യാറാക്കേണ്ടതാണ്. മേൽപറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലെന്നാണ് ഓഡിറ്റ് എൻക്വയറി 6/18.12.18-ന് ലഭിച്ച മറുപടി. പ്രവൃത്തികളുടെ പൂർത്തീകരണവിവരം ലഭ്യമാക്കുന്നതുവരെ ചെലവുതുക 3,04,793/-രൂപ തടസ്സപ്പെടുത്തുന്നു.

b) ജില്ലാ പഞ്ചായത്തിന് തുക കൈമാറിയത്-

താഴെ പറയുന്ന പ്രൊജക്റ്റുകൾ പ്രകാരം ജില്ലാ പഞ്ചായത്തിന് തുക കൈമാറിയിട്ടുണ്ട്

| ക്രമ നം. | പ്രൊജക്റ്റിന്റെ പേര് | ചെലവിന്റെ വിവരം | |
|---|---|---|---|
| | | ട്രഷറി ബിൽ നമ്പർ/ തിയതി | തുക |
| 1 | ഐ.എം.എ. ബ്ലഡ് ബാങ്ക്,42/18 | 14/17-18/31.8.17 | 1,00,000 |
| 2 | ഭിന്നശേഷിക്കാർക്കുള്ള റിസോഴ്സ് സെന്റർ, 43/18 | 15/17-18/ 31.8.17 | 50,000 |

തുകയുടെ വിനിയോഗവിവരം പരിശോധനക്ക് ലഭ്യമാക്കുന്നതു വരെ ചെലവ് തുക 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 ഇ.എം.ഡി മുതൽക്കൂട്ടേണ്ടതാണ്

പ്രൊജക്റ്റ്-മെമ്പർമാരുടെ മുറിയിലെ സൗകര്യം മെച്ചപ്പെടുത്തൽ.177/18

മെമ്പർമാരുടെ മുറികളിലേക്ക് കസേര ,മേശ എന്നിവ വാങ്ങുന്നതിന്, കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച ഫിറ്റ് വെൽ,കുരിയച്ചിറ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പഞ്ചായത്ത് കമ്മറ്റി തീരുമാനം 1(1)/27.11.17 പ്രകാരം അംഗീകരിച്ചിരുന്നു. എന്നാൽ 4.1.2018 ൽ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ടി സ്ഥാപനം പഞ്ചായത്തുമായി കരാറിലേർപ്പെട്ട് തുടർനടപടികളെടുക്കാത്തതിനാലും 22.1.18ന് ആയതിന് കാരണം ബോധിപ്പിക്കാനാവശ്യപ്പെട്ടു കത്തുനൽകിയതിന് സ്ഥാപനം പ്രതികരിക്കാത്തതിനാലും പ്രസ്തുത സ്ഥാപനത്തിന്റെ ടെണ്ടർ നിരസിച്ച് പുതിയത് സ്വീകരിക്കാൻ പഞ്ചായത്ത് കമ്മറ്റി 2/31.1.2018 നമ്പറായി തീരുമാനമെടുത്തു. പുതിയ ടെണ്ടർ ക്ഷണിച്ച് തീരുമാനം 6/6.3.2018പ്രകാരം സ്റ്റീൽ വിൻ ഏജൻസീസ്, അവിണിശ്ശേരി എന്ന സ്ഥാപനത്തിന്റെ നിരക്കുകൾ അംഗീകരിച്ച് ഓഡിറ്റ് വർഷം തന്നെ ഫർണീച്ചറുകൾ വാങ്ങിയിട്ടുണ്ട്.

പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പേജ് 5 പ്രകാരം ആദ്യ സ്ഥാപനം ഫിറ്റ് വെൽ, കുരിയച്ചിറ, രശീതി നം. 11701010345923.11.17 പ്രകാരം 570/-രൂപ ഇ.എം.ഡി അടവാക്കിയിരുന്നു. സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8.15 പ്രകാരം ടെണ്ടർ പിൻവലിക്കുകയോ മാറ്റം വരുത്തുകയോ ടെണ്ടറിന്റെ സാധുതാ കാലയളവിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച വരുത്തുകയോ ചെയ്താൽ ഇ .എം.ഡി കണ്ടുകെട്ടാവുന്നതാണ്. ആയതിനാൽ ടെണ്ടർനടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയ സ്ഥാപനം അടവാക്കിയ ഇഎംഡി തുക നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.(ഓഡിറ്റ് എൻക്വറി 11/19.12.18)

## 3-5 ആറാട്ടുപുഴ ലക്ഷം വീട് കോളനി ഹോട്ട് ലൈൻ -വാട്ടർ അതോറിറ്റിയിൽ തുക അടവാക്കൽ-

പ്രൊജക്റ്റ് നം-SO168/18, നിർവ്വഹണം- സെക്രട്ടറി

അടങ്കൽ-വികസനഫണ്ട് (എസ്.സി.പി) -142500/-

ചെലവ്-ട്രഷറി ബിൽ നം. -18/17-18/27.10.17, ₹ 142500/-

കേരള വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ ഇരിങ്ങാലക്കുട എക്സിക്യൂട്ടീവ് എഞ്ചിനീയർ, 17.7.2017 തിയതിയിലെ എ 1-797/16-ാം നമ്പർ കത്തിൽ, ഈ പ്രവൃത്തിക്കായി ഡിഡി നം. 957551/31.12.2015 പ്രകാരം 4,20,000/- പഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്നും, ഇരിങ്ങാലക്കുട അസി.എഞ്ചിനീയർ 5,62,500/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് അംഗീകാരം നൽകിയിട്ടുള്ളതിനാൽ ബാക്കി തുകയായ 1,42,500/- രൂപ കൂടി അടക്കുന്ന മുറക്ക് പ്രവൃത്തി ആരംഭിക്കുന്നതാണെന്നും പഞ്ചായത്തിനെ അറിയിച്ചു. ആയതനുസരിച്ച് ഓഡിറ്റ് വർഷം 1,42,500/- രൂപ അടവാക്കി.

ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 2/15.12.18 ന് ലഭിച്ച മറുപടി പ്രകാരം വാട്ടർഅതോറിറ്റി, 31.5.2018ന് ₹ 414925/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം നൽകിയിട്ടുണ്ട്.
പഞ്ചായത്ത് ആകെ കൈമാറിയത് 5,62,500/- രൂപയായിരുന്നു. ഫൈനൽ ബില്ല് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല,ആയതിനാൽ പ്രവൃത്തി പൂർത്തീകരിച്ചുകഴിഞ്ഞോ,ആകെ എത്ര തുക ചെലവായി,ഓഡിറ്റ് വർഷം കൈമാറിയ തുക പ്രവൃത്തിക്ക് ആവശ്യം വന്നിട്ടുണ്ടോ എന്നീ കാര്യങ്ങൾ ഉറപ്പാക്കാനായിട്ടില്ല.

പഞ്ചായത്തിന്റെ മറുപടിയിൽ 31.12.2015 ന് തുക കൈമാറിയപ്പോൾ വാട്ടർ അതോറിറ്റിയുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടിരുന്നില്ല എന്നറിയിച്ചിട്ടുണ്ട്. വാട്ടർഅതോറിറ്റി തയ്യാറാക്കിനൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും കൈമാറിയിട്ടും, അതോറിറ്റി പദ്ധതി ആരംഭിക്കുന്നതിനു കാലതാമസം വരുത്തുകയും എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അധിക തുക പഞ്ചായത്തിനോട് ആവശ്യപ്പെടുകയും ആയത് പഞ്ചായത്തിന് നൽകേണ്ടി വരികയും ചെയ്തു.
ജി.ഒ(എം.എസ്)നം.72/2017/തസ്വഭവ/29.3.2017 ഖണ്ഡിക 9 (6) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവ്വഹണം നടത്തുന്ന മറ്റെല്ലാ നിർവ്വഹണ രീതികളിലും നിർവ്വഹണ ഏജൻസി/ സ്ഥാപനം/കരാറുകാരനുമായി തദ്ദേശസ്വയംഭരണ സ്ഥാപനം കരാറിലേർപ്പെടേണ്ടതാണ് എന്ന് നിർദ്ദേശമുണ്ട്.ആയതിനാൽ ഡെപ്പോസിറ്റ് വർക്കുകളുടെ തുക നിർവ്വഹണഏജൻസികൾക്ക് കൈമാറുമ്പോൾ കരാർ തയ്യാറാക്കേണ്ടതാണ്. പദ്ധതി പൂർത്തീകരണം സംബന്ധിച്ച കൃത്യമായ നിർദ്ദേശങ്ങളോടെ കരാറിലേർപ്പെടാത്തതിനാൽ പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ സംഭവിക്കുന്ന സാഹചര്യങ്ങളിൽ പഞ്ചായത്തിന് നിർവ്വഹണഏജൻസികൾക്ക് എതിരെ നടപടികൾ സ്വീകരിക്കാൻ കഴിയാതെ വരുന്നു.

മേൽ പറഞ്ഞ പ്രവൃത്തിയുടെ ഫൈനൽബില്ല് പരിശോധനക്ക് ലഭ്യമാക്കേണ്ടതും വാട്ടർ അതോറിറ്റിക്ക് ആകെ അനുവദിച്ച 5,62,500/- രൂപയിൽ ചെലവുകഴിച്ച് ബാക്കി തുക വാട്ടർഅതോറിറ്റിയിൽ നിന്നും തിരികെ ലഭ്യമാക്കി സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്. 2017-18 ലെ ചെലവുതുകയായ 1,42,500/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 തെരുവുവിളക്കുകളുടെ പരിപാലനം-അപാകതകൾ

<u>പ്രൊജക്റ്റിന്റെ പേര്-തെരുവുവിളക്ക് സാമഗ്രികൾ വാങ്ങലും സ്ഥാപിക്കലും</u>

<u>പ്രൊജക്റ്റ് നം.7/18</u>

2016-17 വർഷത്തെ 76/17 നമ്പർ പ്രൊജക്റ്റിന്റെ സ്പിൽ ഓവർ പ്രൊജക്റ്റാണ് ഇത്.

അടങ്കൽ-ധനകാര്യകമ്മീഷൻഗ്രാന്റ്- 6,00,000/-

2016-17ലെ ചെലവ്- 166924/-

2017-18ൽ ചെലവു ചെയ്യാവുന്നത്- 433076/-

പഞ്ചായത്ത് കമ്മിറ്റി തീരുമാനം 1/19.12.2016 പ്രകാരം അറ്റകുറ്റപ്പണികൾക്ക് എറ്റവും കുറവ് നിരക്ക് ടെണ്ടർ ചെയ്ത സന്ദീപ്.ഇ,എടാട്ട് വീട് എന്നയാളെ തെരഞ്ഞെടുത്തു. ടി തീരുമാനത്തിൽ രേഖപ്പെടുത്തിയതനുസരിച്ച് തെരുവുവിളക്കുകളുടെ സംയുക്തപരിശോധന അവസാനമായി നടത്തിയത് 2014-15 വർഷത്തിലാണ്, 16.1.15ൽ ലഭിച്ച ടി റിപ്പോർട്ട് അനുസരിച്ച് പഞ്ചായത്തിൽ 338 എണ്ണം ഡബിൾ ട്യൂബ്, 50എണ്ണം സിങ്കിൾ ട്യൂബ്, 528 CFL, 260 Automatic എന്നിവയാണുള്ളത്. 28.12.2016മുതൽ ഒരു വർഷത്തേക്ക് സന്ദീപ് ഇ. എന്നയാളുമായി കരാർ വച്ചു.

**17-18ലെ ചെലവുകൾ**

(i)ട്രഷറി ബിൽ നം. 12/17-18/31.8.17, ₹ 99225/-

(ii)ട്രഷറി ബിൽ നം. 32/17-18/29.1.18 , ₹ 56246/-

ABC മാർക്കറ്റിംഗ് എന്ന സ്ഥാപനത്തിൽ നിന്നും തെരുവുവിളക്ക് സാമഗ്രികൾ വാങ്ങിയതിന് നൽകിയ തുകകളാണ് മേൽപറഞ്ഞവ.

(iii) ട്രഷറി ബിൽ നമ്പർ 28/17-18/29.1.18, ₹ 97795- – തെരുവുവിളക്ക് അറ്റകുറ്റപ്പണിക്ക് ചെലവായ തുക 565 CFL @75 =42375 + 117 double tube @ 175= 20475 + 87 automatic @400=34800 + 1 single tube = 145, ആകെ =97795/-
മറ്റു വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | 2017-18ൽ വാങ്ങിയത് | Stock report 17-18 പ്രകാരം ബാക്കിയുള്ളത് | കരാറുകാരൻ 17-18 ൽ അറ്റകുറ്റപ്പണി നടത്തിയത് |
|---|---|---|---|
| CFL 15W | 1120 | -- | 565+ 599=1164 |
| FTL,36W | 140 | 34 | 118+158=276 |
| Ballast,36 w | 590 | -- | |
| Starter,40w | 280 | -- | |
| Bulb holder | 820 | -- | |
| Rotor holder | 40 | -- | |
| Bulb shade | 280 | 24 | |
| Aluminiumwire | 21 | -- | |
| Insulation tape | 90 | -- | |
| automatic | -- | -- | 87 +83=170 |

പ്രൊജക്റ്റുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) 2017-18-ലെ തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ കണക്കുകൾ തയ്യാറാക്കിയിട്ടില്ല. 2014-15 വർഷത്തിനുശേഷം കെ.എസ്.ഇ.ബിയുമായിചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

(2) നിലവിലെ സംയുക്തപരിശോധന കണക്കുകൾ പ്രകാരം 528 എണ്ണം സി.എഫ്.എൽ വിളക്കുകൾ ഉണ്ട്. കരാർ കാലയളവിൽ 1120 എണ്ണം സി.എഫ്.എൽ. കരാറുകാരൻ ഉപയോഗിച്ചു എന്നതിനാൽ ഒരേ പോസ്റ്റിൽ ഒന്നിലധികം പ്രാവശ്യം സി.എഫ്.എൽ. മാറ്റിയിട്ടിട്ടുണ്ട് എന്നു കരുതാവുന്നതാണ്. സി.എഫ്.എൽ വിളക്കുകൾക്ക് മിക്കവാറും ഒരുവർഷത്തെയെങ്കിലും റീപ്ലേസ്മെന്റ് ഗ്യാരണ്ടി ഉള്ളതായതിനാൽ ഈ ആനുകൂല്യം ഉപയോഗപ്പെടുത്തി കേടായവ മാറ്റി വാങ്ങിയിട്ടില്ല. കേടായവ തിരികെ ഏല്പിച്ചിട്ടുള്ളതായും കണുന്നില്ല.
(3) തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
15.9.2011-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 3055/ഡി.എ.3/2011 നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, വൈദ്യുതി ബോർഡിന്റെയോ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

(4) തെരുവുവിളക്കുകളുടെ മീറ്ററിങ് സംവിധാനം പൂർത്തീകരിച്ചിട്ടില്ല.
(5) കരാറുകാരനിൽനിന്നും ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരമുള്ള ആദായ നികുതി ഈടാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-7 വീട് മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ- ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല- തുടർ നടപടികൾ അറിയിക്കേണ്ടതാണ്

SO 87/18

നിർവഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ. (ആറാട്ടുപുഴ )

ട്രഷറിബിൽ നമ്പർ-25/17-18/20.2.18-87000 രൂപ

30/17-18/28.2.18-140000 രൂപ

42/17-18/26.3.18-60000 രൂപ

44/17-18/28.3.18-40000 രൂപ

തങ്കമണി സുകുമാരൻ, പടിഞ്ഞാറേ പുരയ്ക്കൽ എന്നവർക്ക് മേൽ പ്രോജക്ട് പ്രകാരം 35000രൂപ 28/2/2018 നൽകിയിട്ടുണ്ട് .എന്നാൽ നാളിതു വരെ വീടു പണി നടത്തിയതായി കാണുന്നില്ല . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 17/20.12.18ശ്ക്ക് മറുപടി നൽകിയിരിക്കുന്നത് 24.9.18ന് ടിയാരിഷ്ക്ക് രജിസ്ട്രേഡ് കത്ത് അയച്ചിട്ടുണ്ടെന്നും ഇനിയും പണി ആരംഭിച്ചില്ലെങ്കിൽ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നുമാണ്. ആയതിനാൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-8 വി.ഇ.ഒ. ഓഫീസിലേക്ക് പ്രിന്റർ വാങ്ങിയത് - കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല

പ്രോജക്ട് നമ്പർ – SO 117/18

ട്രഷറിബിൽ നമ്പർ- (1) 38/17-18/21.3.18, 18581 രൂപ

(2) 39/17-18/21.3.18, 11701 രൂപ

വി.ഇ.ഒ. ഓഫീസിലേയ്ക്ക് പ്രിന്റർ, സ്കാനർ, ഫർണ്ണിച്ചർ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം 30282/- രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 10262.71 രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്നും പ്രിന്റർ വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ്.ITBG/17-18/7746/ITP/2638/26.2.18) ജി.ഒ(.എം.എസ്)72/2017 ത.സ്വ.ഭ.വ. തീയതി.29.3.17 പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവഹണം നടത്തുന്ന മറ്റെല്ലാ നിർവഹണ ഏജൻസിയുമായി /സ്ഥാപനവുമായി/കരാറുകാരനുമായി തദ്ദേശഭരണസ്ഥാപനം കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ പ്രിന്റർ വാങ്ങിയപ്പോൾ കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. കൂടാതെ വാങ്ങിയ ഉപകരണത്തിന്റെ വാറണ്ടി, സ്ഥാപനവുമായി ഏർപ്പെട്ട കരാർ, ഇൻസ്റ്റലേഷൻ സംബന്ധിച്ച ടെക്നിക്കൽ അതോറിറ്റിയുടെ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-9 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ

പ്രോജക്ട് നമ്പർ- SO 160/18
നിർവ്വഹണ ഉദ്യോഗസ്ഥ- ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ട്രഷറി ബിൽ നമ്പർ-22/17-18/21.2.18- 355000 രൂപ

28/17-18/27.3.18- 56980 രൂപ

ബ്ലോക്ക്പഞ്ചായത്ത് വിഹിതം-75000 രൂപ

ജില്ലാപഞ്ചായത്ത് വിഹിതം-103000 രൂപ

പഞ്ചായത്തീരാജ് /നഗരപാലികാ സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ.(എം.എസ്.) നമ്പർ 80/2017/ത.സ്വ.ഭ.വ. തീയതി.3.4.17 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് താഴെപ്പറയുന്ന പ്രകാരമാണ്.

| ക്രമ നം. | ഇനം | സ്കോളർഷിപ്പ് തുക |
|---|---|---|
| 1 | സ്കോളർഷിപ്പ് പ്രതിമാസം 1000 രൂപ വീതം | 12000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 1500 |
| 3 | പഠനസഹായികൾക്ക്/ വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത (വാർഷികം) | 2000 |

| | | |
|---|---|---|
| 4 | ഡേസ്കോളർക്ക് യാത്രാബത്ത (പ്രതിമാസം) | 12000 |
| 5 | ഉല്ലാസയാത്രാ ചെലവുകൾ, പഠനപര്യടനം മുതലായവയ്ക്ക് -രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ | 1000 |
| ആകെ | | 28500 |

മേൽ പ്രോജക്റ്റ് പ്രകാരം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് നൽകിയ പരമാവധി തുക 18996 രൂപയാണ്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പ്രോജക്റ്റ് നടപ്പാക്കുമ്പോൾ പരമാവധി തുക ഗുണഭോക്താക്കൾക്കു് ലഭ്യമാകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 പി.എച്ച്.സി. ഫാർമസിയിലേക്ക് എയർ കണ്ടീഷണർ വാങ്ങൽ-7490രൂപയുടെ ചെലവ് നിരാകരിക്കുന്നു

പ്രോജക്റ്റ് നമ്പർ-157/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ട്രഷറി ബിൽ നമ്പർ-16/17-18/14.2.18

തുക- 32490 രൂപ (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (എം.എസ്) നമ്പർ 330/2004/ തസ്വഭവ. തീയതി.9.12.2004 നുള്ള വിശദീകരണം, സർക്കുലർ നമ്പർ 47836/ എഫ് .എം./2011/തസ്വഭവ / തീയതി.29.12.11 പ്രകാരം തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളിൽ ആശുപത്രികൾക്ക് ആവശ്യമായ പുതിയ

ഉപകരണങ്ങൾ വാങ്ങുന്നതിന് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ഒരു ഉപകരണത്തിന് പരമാവധി 25000 രൂപ മാത്രമേ വിനിയോഗിക്കാവൂ. എന്നാൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ പി.എച്ച്.സി ഫാർമസിയിലേക്ക് എയർ കണ്ടീഷണർ വാങ്ങൽ എന്ന പ്രോജക്ടിന് 32490 രൂപ (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) ചെലവഴിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി തുക ചെലവഴിച്ചതിനു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 19/21.12.18-നു മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി ചെലവഴിച്ച 7490 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-11 ടെണ്ടർ ഫോറങ്ങളുടെ വിതരണവും സൂക്ഷിപ്പും - രജിസ്റ്റർ കുറ്റമറ്റരീതിയിൽ സൂക്ഷിക്കുന്നില്ല

സർക്കാർ അനുവദിച്ചിട്ടുള്ള ചില പ്രത്യേക സാഹചര്യങ്ങളിലൊഴികെ ടെണ്ടർ ഫോറങ്ങൾ വില സ്വീകരിച്ച് വിതരണം ചെയ്യേണ്ടവയാണെന്നതിനാൽ ടെണ്ടർ ഫോറങ്ങളുടെ വാങ്ങലും വിൽപ്പനയും സുതാര്യമാകേണ്ടതും സ്റ്റോക്ക് രജിസ്റ്ററിലൂടെ നിരീക്ഷിക്കപ്പെടേണ്ടതുമാണ്. കേരള ഫിനാൻഷ്യൽ കോഡിൽ ഇത് സംബന്ധിച്ച് നിഷ്ക്കർഷിക്കുന്നുണ്ട്.

2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലായി വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ ആകെ 450 എണ്ണം ടെണ്ടർഫോറങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽനിന്നും വാങ്ങിയതായി Stock Account of Forms പ്രകാരം കാണുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു ;

| സ്റ്റോക്ക് അക്കൗണ്ടിലെ പേജ് നം. | സ്റ്റോക്ക് ചേർത്ത തീയ്യതി | ഇൻവോയ്സ് നം./ തീയ്യതി | ടെണ്ടർ ഫോറങ്ങളുടെ എണ്ണം |
|---|---|---|---|
| 18 | 05.07.16 | 391/5.7.16 | 300 |
| 45 | രേഖപ്പെടുത്തിയിട്ടില്ല | 2199/2.2.17 | 100 |
| 74 | 30.06.17 | 425/30.6.17 | 50 |
| ആകെ | | | 450 |

സ്റ്റോക്ക് അക്കൗണ്ട് രജിസ്റ്ററിലെ പേജ് നം.52 പ്രകാരം 14.12.16 തീയ്യതിയിൽ 40 എണ്ണം ഫോറങ്ങളും തീയ്യതി രേഖപ്പെടുത്താതെ 9 എണ്ണം ഫോറങ്ങളും അസിസ്റ്റന്റ് എഞ്ചിനീയറിന് നൽകിയിട്ടുണ്ട്.

ടെണ്ടർ ഫോറവുമായി ബന്ധപ്പെട്ട് ഈ വിതരണ വിവരമല്ലാതെ മറ്റൊരുവിവരവും രജിസ്റ്ററിൽ നിന്നും ലഭ്യമായില്ല. ഈ സാഹചര്യത്തിൽ ടെണ്ടർ ഫോറങ്ങളുടെ വിതരണ നീക്കിയിരിപ്പ് വിവരങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.3) നൽകുകയും ആയതിന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 71 എണ്ണവും 2017-18 സാമ്പത്തിക വർഷത്തിൽ 22 എണ്ണവും ഫോറങ്ങൾ വിവിധ നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയതായി മറുപടിയിൽ പറയുന്നു. 2017-18-ൽ നീക്കിയിരിപ്പ് 357 എണ്ണമാണ്. വിവിധ നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയ ഫോറങ്ങളിൽ ഉപയോഗിക്കാത്ത ഫോറങ്ങൾ തിരികെ വാങ്ങി സ്റ്റോക്കിൽ ചേർക്കാനും ഭാവിയിൽ ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് വിവരം കുറ്റമറ്റരീതിയിൽ എഴുതി സൂക്ഷിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-12 ടെണ്ടർ നോട്ടീസ് ദിനപത്രത്തിൽ പരസ്യം ചെയ്യുന്നത് - ചട്ടങ്ങളിലെ നിഷ്ക്കർഷിക്കുന്ന സമയം നൽകുന്നില്ല

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം നം.9(3) പ്രകാരം 1 ലക്ഷം രൂപക്കും 10 ലക്ഷം രൂപക്കും ഇടക്ക് വരുന്ന പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടർ നോട്ടീസിന്റെ സംക്ഷിപ്ത രൂപം കുറഞ്ഞത് 10 ദിവസത്തെ സമയം നൽകി പഞ്ചായത്ത് പ്രദേശത്ത് ഏറ്റവും കൂടുതൽ പ്രചാരമുള്ള ഒരു പത്രത്തിൽ നിർബന്ധമായും ആവശ്യമെങ്കിൽ മറ്റു പത്രങ്ങളിലും പരസ്യപ്പെടുത്തേണ്ടതാണ്. ടെണ്ടർ നോട്ടീസ് നം.01/AE/LSGD/VLA/TE/2017-18 തീ.01.08.17 പ്രകാരം ആകെ അടങ്കൽ തുക 47,55,000 രൂപയായി 21 പ്രവർത്തികളുടെ ടെണ്ടറും 2 പ്രവർത്തികളുടെ ഇ-ടെണ്ടറും ക്ഷണിച്ചു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ടെണ്ടർഫോറം ലഭിക്കുന്ന അവസാന തീയ്യതി | 10.08.17 |
| ടെണ്ടർഫോറം സ്വീകരിക്കുന്ന തീയ്യതി | 11.08.17 |
| ടെണ്ടർഫോറം തുറക്കുന്ന തീയ്യതി | 11.08.17 |
| ടെണ്ടർ പരസ്യം ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച തീയ്യതി (ദേശാഭിമാനി) | 04.08.17 |

ഫലത്തിൽ ചട്ടങ്ങളിൽ നിഷ്ക്കർഷിച്ചതിനു വിപരീതമായി 6 ദിവസത്തെ സമയമാണ് ടെണ്ടർ സമർപ്പിക്കാൻ കരാറുകാർക്ക് ലഭിച്ചിട്ടുള്ളത്. ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചതിന്റെ ഗുണഫലം ലഭിച്ചിട്ടില്ലെന്നതിന് തെളിവായി നിർവ്വഹണോദ്യോഗസ്ഥനായ അസി.എഞ്ചിനിയർ 10.08.17-ലെ 19/ എഇ/എൽഎസ്ജിഡി/വിഎൽഎ/17-18 നമ്പരായി സെക്രട്ടറിക്ക് അയച്ച കത്തു പ്രകാരം കരാറിൽ ആരും തന്നെ പങ്കെടുക്കുകയോ ടെണ്ടർ ഷെഡ്യൂളിനുള്ള അപേക്ഷ നൽകുകയോ ചെയ്യിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി (നം.8)നൽകിയതിന് GSTയുമായി ബന്ധപ്പെട്ടവിഷയത്തിൽ കരാറുകാർ ടെണ്ടർ ബഹിഷ്ക്കരിച്ചതുമൂലമാണ് ടെണ്ടറുകളൊന്നും ലഭ്യമാവാതിരുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. ഈ മറുപടി വാദത്തിനുവേണ്ടി അംഗീകരിച്ചാൽതന്നെ ചട്ടങ്ങളിൽ നിഷ്ക്കർഷിക്കുന്നതരത്തിൽ ടെണ്ടർ പരസ്യം നൽകാതിരുന്നതിന് തൃപ്തികരമായ മറുപടിയായി ഇതിനെ പരിഗണിക്കാൻ സാധിക്കില്ല.

ഈ സാഹചര്യത്തിൽ ചട്ടങ്ങളിൽ അനുശാസിക്കുന്നതിനനുസൃതമായി സമയബന്ധിതമായി ടെണ്ടർ നോട്ടീസ് പരസ്യപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | മുന്നിരിപ്പ് 53800 | | | | 53800 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | അനുപൂരക പോഷകാഹാരം (ജനറൽ) | 170079 | 29925 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 183304 | നെൽകൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി | 183304 | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 103000 | മാനസിക ശാരീരിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ (ജനറൽ) | 103000 | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 50000 | മാനസിക ശാരീരീക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ (എസ്.സി) | 0 | 50000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 550000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 306734 | 243266 |
| ആകെ | മുന്നിരിപ്പ് 53800 | 1086304 | | 763117 | 376987 |
| ബ്ലോക്ക് പഞ്ചായത്ത് | മുന്നിരിപ്പ് 96400 | | | | 96400 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 135000 | നെൽകൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി | 135000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000 | ചിറ്റേങ്ങര പാടശേഖരത്തിലേക്ക് പെട്ടി പറ പദ്ധതി | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | പെയിൻ &പാലിയേറ്റീവ് | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | കെയർ | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000 | മാലിന്യസംസ്കരണ വയബിലിറ്റി ഫണ്ട് നൽകൽ | 0 | 250000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 75000 | മാനസിക ശാരീരിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ (ജനറൽ) | 75000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 142500 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 126750 | 15750 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| ആകെ | മുന്നിരിപ്പ് 96400 | 1202500 | | 936750 | 362150 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിവരങ്ങൾ. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | മുന്നിരിപ്പ് | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| KWA | 690000 | S0071/16 കുരിക്കുഴി ബണ്ട് റോഡ് പൈപ്പ് ലൈൻ. എസ്.സി. | | | 83600 | So071/16 കുരിക്കുഴി ബണ്ട് റോഡ് പൈപ്പ് ലൈൻ (എസ്.സി) എന്ന പ്രവൃത്തിക്ക് KWA നൽകിയ UC പ്രകാരം | 606400 |

| | | | | | | | |
|---|---|---|---|---|---|---|---|
| KWA | - | S0168/18 ആറാട്ടുപുഴ ലക്ഷം വീട് കോളനി ഹോറാട്ട് ലൈൻ | 21700924 | 142500 | - | - | 142500 |
| | 690000 | | | 142500 | 83600 | | 748900 |
| KSEB | 1204356 | | | | | | 1204356 |
| KSEB | | S0038/18 Converging of street light of SC Colony to LED | 21700899 | 143990 | | | 143990 |
| | | S0037/18 Electric Post shifting | 21700 | 30602 | | | 30602 |
| | | S0037/18 Electric Post shifting | 21700 | 130201 | | | 130201 |
| | 1204356 | | | 304793 | | | 1509149 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 9300 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 9300 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിയ്ക്കുന്ന സ്ഥിരനിക്ഷേപം | 9300 |

സ്ഥിരനിക്ഷേപം സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ലഭ്യമല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-4 | 2016-17 | 2-4 | തൊഴിൽനികുതി ഡിമാന്റ് ചെയ്യാത്തതിനാൽ പൂർണ്ണമായി പിരിച്ചെടുത്തിട്ടില്ല | -- |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമായിട്ടില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44972272 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51178930 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7490 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 655693 |

## (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-10 | | 7490 | ഡോ.ദീപ.പി.ഡി., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 58400 | ശ്രീമതി.ജെസ്സി.വി.എ., ഹെഡ്മിസ്ട്രസ് ഗവ.യു.പി.എസ്., വല്ലച്ചിറ |
| 3-3 എ | 304793 | ശ്രീമതി.ഉമ ഉണ്ണികൃഷ്ണൻ, സെക്രട്ടറി |
| 3-3 ബി | 150000 | ശ്രീമതി.ഉമ ഉണ്ണികൃഷ്ണൻ,സെക്രട്ടറി |
| 3-5 | 142500 | ശ്രീമതി.ഉമ ഉണ്ണികൃഷ്ണൻ,സെക്രട്ടറി |
| ആകെ | 655693 | |

## (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

## (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## (ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ദീപ.പി.ഡി.. മെഡിക്കൽ ഓഫീസർ പി.എച്ച്.സി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി., വല്ലച്ചിറ | |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

<table>
<tr><th>വർഷം</th><th>ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം</th><th>തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം</th><th>റിമാർക്ക്</th></tr>
<tr><td>1980-81</td><td rowspan="9">എൽ.എഫ്.ടി.എസ്(2)-769/11/26.7.11/11.8.11</td><td>1</td><td></td></tr>
<tr><td>1981-82</td><td>1</td><td></td></tr>
<tr><td>1983-84</td><td>1</td><td></td></tr>
<tr><td>1984-85</td><td>6</td><td></td></tr>
<tr><td>1985-86</td><td>1</td><td></td></tr>
<tr><td>1986-87, 87-88</td><td>1</td><td></td></tr>
<tr><td>1988-89</td><td rowspan="3">15</td><td></td></tr>
<tr><td>1989-90</td><td></td></tr>
<tr><td>1990-91</td><td></td></tr>
<tr><td>1991-92</td><td>എൽ.എഫ്.ടി-12-1373/93 തിയതി.06.12.94</td><td></td><td></td></tr>
<tr><td>1999-2000</td><td>എൽ.എഫ്.ടി-8-30/01 തിയതി.03.08.2001</td><td></td><td></td></tr>
</table>

| | | | |
|---|---|---|---|
| 2000-01, 01-02 (പ്ലാൻ) | എൽ.എഫ്.ടി-15-1333/03 | | |
| 2000-01 വരവ് | എൽ.എഫ്.ടി-15-1878/04 തിയതി. 20.09.05 | | |
| 2001-02 | എൽ.എഫ്.ടി-15-1126/05 തിയതി.09.01.06/07.04.06 | | |
| 2002-03 | എൽ.എഫ്.ടി-15-1125/05 | | |
| 2003-04 | എൽ.എഫ്.ടി-15-259/06 തിയതി.13.09.06 | | |
| 2004-05 | എൽ.എഫ്.ടി-15-2109/06 തിയതി 30.01.07/07.09.07 | | |
| 2005-06 | എൽ.എഫ്.ടി-15-488/10 തിയതി.16.09.10/11.03.11 | | |
| 2007-08 | എൽ.എഫ്.ടി(പി.2)310/12 തിയതി.30.04.12 | | |
| 2008-09 | എൽ.എഫ്.ടി(പി.2)311/12 തിയതി.30.04.12 | | |
| 2009-10 | എൽ.എഫ്.ടി(പി.2)312/12 തിയതി.30.04.12 | | |
| 2010-11 | എൽ.എഫ്.ടി(പി.2)313/12 തിയതി.15.09.12/08.08.12 | | |
| 2011-12 | എൽ.എഫ്.ടി(പി.2)228/13 തിയതി.05.07.13/15.10.13 | | |
| 2012-13 | എൽ.എഫ്.ടി(പി.2)86/14 തിയതി.16.04.14/16.07.14 | | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(പി.2)-189/15 തിയതി.11.06.15/03.09.15 | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി.2)-693/16 തിയതി.24.05.16 | | |

| | | | |
|---|---|---|---|
| 2015-16 | നം.കെ.എസ്.എ.ടി.എസ്.ആർ. (പി.2)1937/2016 തീയതി.10.11.2016 | | |
| 2016-17 | നം.കെ.എസ്.എ.ടി.എസ്.ആർ. (പി2)1213/2017/ തീയതി.29.07.2017 | | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശൂർ

# അനുബന്ധം-1
# ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വല്ലച്ചിറ **ഗ്രാമപഞ്ചായത്തിന്റെ 2017-18** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2
## ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം (AuditedAbstract) |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ല ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ